(സി) കിട്ടിയ അപേക്ഷകളിൽ തീരുമാനം എടുക്കാൻ വല്ലതും ബാക്കി ഉണ്ടോ; ഉണ്ടെങ്കിൽ ഇത്ര കാലതാമസത്തിന് കാരണമെന്ത്;

(ഡി) ഈ അപേക്ഷകളിൽകൂടി എത്രയും വേഗം തീരുമാനമെടുക്കുമോ?

ഉത്തരം

(എ) രണ്ടു സ്പോർട്സ്മാൻമാരുടെ വിധവകളും ഉൾപ്പെടെ എഴുപതു പേർക്ക്. രണ്ടു പേർ ഇപ്പോൾ ജീവിച്ചിരിപ്പില്ല. ഓരോരുത്തർക്കും അനുവദിച്ച പെൻഷൻ തുക കാണിക്കുന്ന സ്റേറാ[illegible] അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ബി) ഫെബ്രുവരി 28.ാം തീയതി വരെ 84,618 രൂപ 65 പൈസ.

(സി) ഉണ്ട്. അപേക്ഷകളിൻമേൽ തീരുമാനമെടുക്കുന്നതിന് മുൻപു അപേക്ഷകന്റെ സ്പോർട്ട്സ് രംഗത്തുള്ള നേട്ടങ്ങളെപ്പറ്റിയുള്ള ജില്ലാ സ്പോർട്ട്സ് കൗൺസിലിന്റെ റിപ്പോർട്ടും വരുമാനത്തെ സംബന്ധിച്ചുള്ള തഹസീൽദാരുടെ റിപ്പോർട്ടുകളും കിട്ടേണ്ടതുണ്ട്. റിപ്പോർട്ടുകൾ കിട്ടാൻ വൈകിയതുമൂലം അർഹമായ ചില അപേക്ഷകളിൻമേൽ തീരുമാനമെടുക്കാൻ കാലതാമസമുണ്ടായിട്ടുണ്ട്.

(ഡി) താമസിയാതെ തീരുമാനമെടുക്കുന്നതാണ്.

അത്താണി—അമ്പലപുരം—മുണ്ടത്തിക്കോട് റോഡുപണി

719 [1051] ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്ട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറെ കൊല്ലങ്ങളായി ബഡ്ജറ്റിൽ കൊള്ളിച്ചു പോരുന്ന തൃശ്ശൂർ ഡിസ്ട്രിക്റ്റിൽപ്പെട്ട അത്താണി, അമ്പലപുരം, മുണ്ടത്തിക്കോട് എന്നീ റോഡുകളുടെ പണി നടത്താത്തത് എന്തുകൊണ്ടാണ്;

(ബി) ഈ റോഡുപണി ഈ കൊല്ലമെങ്കിലും നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ റോഡുപണിയുടെ എസ്റ്റിമേറ് തയ്യാറാക്കിയത് നിലവിലുള്ള നിരക്കനുസരിച്ച് പുതുക്കി വരികയാണ്. എസ്റ്റിമേറു പൂർത്തിയായതിനു ശേഷമേ മേൽ നടപടികളും എടുക്കാൻ സാദ്ധ്യമാകും.

(ബി) ഈ കൊല്ലം പണി ആരംഭിക്കാൻ സാദ്ധ്യത ഇല്ല.

വേലൂർ ചുങ്കം മുണ്ടൂർ (വഴി കുളപ്പുള്ളി) റോഡ്

720 [1052] ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്ട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയതും തൃശ്ശൂർ ഡിസ്ട്രിക്റ്റിൽ പെട്ടതുമായ വേലൂർ ചുങ്കം മുണ്ടൂർ (വഴി കുളപ്പുള്ളി) റോഡ് ഏറ്റെടുത്തു പണി നടത്തുന്ന നടപടികൾ എന്തായി;

*(അനുബന്ധം II.)

LIBRARY ARCHIVES Kerala Legislative Assembly